<u>സത്യപ്രതിജ്ഞ</u>

<u>മി. സ്പീക്കർ:</u> ശ്രീ. കെ. എസ്. ശബരീനാഥന്റെ സത്യപ്രതിജ്ഞ സംബന്ധിച്ച അറിയിപ്പിനായി നിയമസഭാ സെക്രട്ടറിയെ ക്ഷണിക്കുന്നു.

സെക്രട്ടറി <u>(ശ്രീ. പി. ഡി. ശാരംഗധരൻ):</u> അരുവിക്കര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. കെ. എസ്. ശബരീനാഥൻ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

(ശ്രീ. കെ. എസ്. ശബരീനാഥൻ താഴെപ്പറയുംപ്രകാരം സത്യപ്രതിജ്ഞ ചെയ്തു)

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> ശബരീനാഥൻ കെ. എസ്. ആയ ഞാൻ നിയമസഭയിലെ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

(ശ്രീ. കെ. എസ്. ശബരീനാഥനെ സ്പീക്കറും മുഖ്യമന്ത്രിയും അംഗങ്ങളും അഭിനന്ദിച്ചു. രജിസ്റ്ററിൽ ഒപ്പുവച്ചശേഷം അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്തു

അദ്ദേഹം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)